**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2690** **17-03-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മൈലാട്ടിയിൽ നിന്നും വിദ്യാനഗർ സബ് സ്റ്റേഷനിലേക്ക് 110 കെ.വി.ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മൈലാട്ടിയിൽ നിന്നും വിദ്യാനഗർ സബ് സ്റ്റേഷനിലേക്ക് വരുന്ന 110 കെ.വി. ലൈനിന്റെ ശേഷി വർധിപ്പിക്കുന്ന ജോലി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് മൈലാട്ടിയിൽ നിന്നും വിദ്യാനഗർ സബ്സ്റ്റേഷനിലേക്ക് വരുന്ന 110 കെ.വി. ലൈനിന്റെ ശേഷി വർധിപ്പിക്കുന്ന ജോലി 2023 മാർച്ചോടു കൂടി പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | വിദ്യാനഗർ സബ് സ്റ്റേഷനിൽ നിന്ന് വിതരണം നിലയ്ക്കുമ്പോൾ പകരം സംവിധാനത്തിനായി സീതാംഗോളിയിൽ 110 കെ.വി. സബ് സ്റ്റേഷനുള്ള പ്രൊപോസൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ നിലവിലെ സ്ഥിതി എന്താണ് എന്ന് വിശദമാക്കാമോ; | (ബി) | സീതാംഗോളിയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി ബേളൂർ വില്ലേജിൽ റവന്യൂ ഭൂമി കണ്ടെത്തി സാങ്കേതിക പഠനം നടത്തുകയും, അനുകൂല സാങ്കേതിക പഠന റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലത്തേക്ക് റോഡ് ലഭ്യത കിട്ടാത്തതു കൊണ്ട് ടി പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ പുതിയ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് സ്ഥലം ലഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അനുയോജ്യമായ സ്ഥലം കിട്ടുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിക്കു വേണ്ടി സമർപ്പിക്കുന്നതാണ് |
| (സി) | കാസർഗോഡ് ടൗണിൽ സ്ഥാപിച്ച 33 കെ.വി സബ് സ്റ്റേഷനിലേക്കുള്ള 33 കെ.വി. ലൈൻ ഭാഗീകമായി പോസ്റ്റിൽ കൂടിയുള്ള ഓവർ ഹെഡ് ലൈൻ മാറ്റി ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | പ്രസ്തുത ലൈൻ നിർമ്മാണവേളയിൽ തന്നെ പ്രായോഗികമായ സ്ഥലങ്ങളിലെല്ലാം ഭൂഗർഭ കേബിൾ സ്ഥാപിച്ചിട്ടുണ്ട്. പ്രായോഗികമല്ലാത്ത സ്ഥലങ്ങളിലാണ് ഓവർഹെഡ് ലൈൻ നിർമ്മിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത സബ് സ്റ്റേഷനിലേക്ക് അടിയന്തിര ഘട്ടങ്ങളിൽ വേറെ ഭാഗത്ത് നിന്ന് വൈദ്യുതി എത്തിക്കാനുള്ള ഏതെങ്കിലും പ്രൊപ്പോസലുകൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | അടിയന്തിര ഘട്ടത്തിൽ ഉപഭോക്താക്കൾക്ക് ഇടതടവില്ലാതെ വൈദ്യുതി എത്തിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ളതിനാൽ പുതിയ പ്രൊപ്പോസലുകൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ